I ഇ.ബി. XV - കേരള നിയമസഭ/III-19

# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 നവംബർ 9, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

കോഴിക്കോട് കെ.എസ്.ആർ.ടി.സി. സമുച്ചയം

മി. സ്പീക്കർ: കോഴിക്കോട് കെ.എസ്.ആർ.ടി.സി. സമുച്ചയ നിർമ്മാണത്തിലെ അപാകതകൾ കാരണം കെട്ടിടത്തിന് ബലക്ഷയമുള്ളതായും മാനദണ്ഡങ്ങളിൽ ഇളവുനൽകി കുറഞ്ഞ നിരക്കിൽ

പ്രസ്തുത കെട്ടിടം ലീസ് നൽകിയതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടമുണ്ടാ യിട്ടുള്ളതായും പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി. സിദ്ദിഖ്, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): കെ.എസ്.ആർ.ടി.സി.-യുടെ വാണിജ്യസാദ്ധ്യതയുള്ള സ്ഥലങ്ങളിൽ സാമ്പത്തികനില മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി ബി.ഒ.ടി. മാതൃകയിൽ രൂപപ്പെടുത്തിയ 4 പദ്ധതികളിൽപ്പെട്ട കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സ് കെ.എസ്.ആർ.ടി.സി. എം പാനൽ ചെയ്ത ആർക്കിടെക്ട് തന്നെയാണ് രൂപകല്പന ചെയ്തിട്ടുള്ളത്. കെട്ടിടത്തിൽ പൊട്ടൽ കണ്ടെത്തിയതിനാൽ വിശദപഠനം നടത്താൻ മദ്രാസ് ഐ.ഐ.ടി.-യെ ചുമതലപ്പെടുത്തുകയും വിജിലൻസ് അന്വേഷണത്തിന് അനുമതി നൽകുകയും റിപ്പെയർ ആന്റ് റീഹാബിലിറ്റേഷൻ ജോലികൾ പൂർത്തീകരിക്കുന്നതുവരെ ഓപ്പറേഷൻ പാടില്ലെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ ഡിസൈനിൽ വ്യത്യാസങ്ങൾ കണ്ടെത്തിയതിനാൽ ആർക്കിടെക്ടിൽനിന്നും

പിഴ ഈടാക്കുന്നതിന്മേലുള്ള വ്യവഹാരം ഹൈക്കോടതിയിൽ നടന്നുവരികയാണ്. മദ്രാസ് ഐ.ഐ.ടി.-യുടെ പഠനറിപ്പോർട്ട് കെട്ടിടത്തിന്റെ ലീസിന്റെ ടെണ്ടർ നടപടികളെ ബാധിക്കുന്നതല്ല. മുതൽമുടക്കിയ 150 കോടി രൂപയും സ്ഥല-കെട്ടിടയിനത്തിൽ 120 കോടി രൂപയും കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്ന വ്യവസ്ഥയിലാണ് ലീസ് എഗ്രിമെന്റ് ഒപ്പിട്ടിട്ടുള്ളത്. ഐ.ഐ.ടി.-യുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം ഉന്നതതല വിദഗ്ദ്ധ സമിതി ഇത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

<u>ശ്രീ. ടി. സിദ്ദീഖ്</u>: തിരുവനന്തപുരം, കോഴിക്കോട്, തിരുവല്ല, അങ്കമാലി എന്നിവിടങ്ങളിൽ കെ.എസ്.ആർ.ടി.സി.-യുടെ ഭൂമി കെ.ടി.ഡി.എഫ്.സി.-ക്ക് കൈമാറിയെങ്കിലും നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നതിൽ വ്യക്തതയില്ല. കോഴിക്കോടുൾപ്പെടെയുള്ള സ്ഥലങ്ങളിൽ കെട്ടിട സമുച്ചയം നിർമ്മിക്കാൻ കെ.ടി.ഡി.എഫ്.സി.-ക്ക് അനുമതി നൽകിയതിലൂടെ കോടികളുടെ നഷ്ടമാണുണ്ടായത്. 74.79 കോടി രൂപ ചെലവാക്കി നിർമ്മിച്ച കോഴിക്കോട് കെ.എസ്.ആർ.ടി.സി. ടെർമിനലിന് ബലക്ഷയമുള്ളതായി ചെന്നൈ ഐ.ഐ.ടി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സാമ്പത്തികഭദ്രതയില്ലാത്ത മാക് അസോസിയേറ്റ്സിന് നൽകിയ കരാർ ഹൈക്കോടതി റദ്ദ് ചെയ്തതിനാൽ

വീണ്ടും ടെണ്ടർ ക്ഷണിച്ച് മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി ആലിഫ് ബിൽഡേഴ്സ് എന്ന കമ്പനിക്ക് ടെണ്ടർ നൽകിയതിലൂടെ കോടികളുടെ നഷ്ടമാണ് കെ.എസ്.ആർ.ടി.സി.-ക്കുണ്ടായത്. കെ.ടി.ഡി.എഫ്.സി.-യുടെ നേതൃത്വത്തിലുള്ള വാണിജ്യസമുച്ചയങ്ങളുടെ നിർമ്മാണത്തിലെ അഴിമതി സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): ടെണ്ടറിൽ നിഷ്കർഷിച്ച നിബന്ധനകളെല്ലാം ആലിഫ് ബിൽഡേഴ്സിനുണ്ട്. നിയമപരമായി ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് ലീസിന് കൊടുക്കാതിരിക്കാൻ കഴിയില്ല എന്നതാണ് നിയമം. വലിയ പ്രതിസന്ധിയിലൂടെയാണ് കെ.എസ്.ആർ.ടി.സി. കടന്നുപോകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാൻ 4,698 കോടി രൂപ നൽകിയിട്ടുണ്ട്. ഡീസലിൽനിന്നും സി.എൻ.ജി.-യിലേയ്ക്ക് കൺവെർട്ട് ചെയ്തതും ഡയറക്ടർ ബോർഡിൽ പ്രൊഫഷണൽസിനെമാത്രം നിയമിച്ചതും ജീവനക്കാരുടെ ശമ്പളവും മറ്റ് സർവ്വീസുകളും ജി-സ്പാർക്കിലേയ്ക്ക് മാറ്റിയതുമുൾപ്പെടെ നിരവധി പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

മൂന്നാറിൽ 5 ബസുകൾ ബസ് ലോഡ്ജുകളായി കൺവെർട്ട് ചെയ്ത് വരുമാനം ലഭിച്ചുകൊണ്ടിരിക്കുകയാണ്. 'ഗ്രാമവണ്ടി' പദ്ധതിക്ക് അടുത്തവർഷം തുടക്കം കുറിക്കുന്നതാണ്. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സൗജന്യ യാത്രയ്ക്ക് 'സമുദ്ര' എന്ന ബസ് ഏർപ്പെടുത്തിയതും 100 ബസ്സുകൾ തിരുവനന്തപുരം നഗരത്തിലിറക്കാൻ പോകുന്നതും ഈ സർക്കാരിന്റെ നേട്ടങ്ങളാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) തുടർവിദ്യാഭ്യാസ പദ്ധതി നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. ഡി. പ്രസേനൻ: കേന്ദ്ര സഹായം നിർത്തലാക്കിയതിനെ തുടർന്ന് സംസ്ഥാനത്തെ തുടർവിദ്യാഭ്യാസ പദ്ധതി നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം

വർദ്ധിപ്പിക്കുന്നതിനും അവരെ സ്ഥിരപ്പെടുത്തി പുനർവിന്യാസം നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സാക്ഷരതാ പ്രവർത്തനം ആരംഭിക്കുമ്പോൾ കേന്ദ്ര ധനസഹായം ലഭ്യമായിരുന്നുവെങ്കിലും ടി പദ്ധതികൾ കേന്ദ്ര സർക്കാർ നിർത്തലാക്കിയതിനെത്തുടർന്ന് സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം സംസ്ഥാനം ബഡ്ജറ്റ് വിഹിതമായി അനുവദിക്കുകയാണ് ചെയ്തുവരുന്നത്. സാക്ഷരതാ മിഷൻ പ്രേരക്മാരെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നത് സംബന്ധിച്ച് വിവിധ വകുപ്പുകളുമായി ചേർന്ന യോഗത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണെന്നും അതുവരെ പ്രേരക്മാരുടെ ഓണറേറിയം സാക്ഷരതാ മിഷന്റെ പദ്ധതി വിഹിതത്തിൽനിന്ന് വഹിക്കേണ്ടതാണെന്നും നിർദ്ദേശിക്കുകയുണ്ടായി. 2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതത്തിൽ പ്രേരക്മാരുടെ ഓണറേറിയത്തിനുള്ള തുക സാക്ഷരതാ മിഷൻ വകയിരുത്താത്തതിനാൽ 2021 ഏപ്രിൽ മുതലുള്ള ഓണറേറിയം സർക്കാരിൽനിന്നുള്ള ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വിതരണം ചെയ്യുന്നുണ്ട്. സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ തദ്ദേശഭരണ

സ്ഥാപനങ്ങളിലേയ്ക്ക് മാറ്റുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(2) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കൽ

ശ്രീ. സനീഷ് കുമാർ ജോസഫ്: പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുതുക്കുന്നതിനും കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിനും കരാർ ലംഘനം തടയുന്നതിനും പൊരിങ്ങൽക്കുത്ത് ഡാം ബലപ്പെടുത്തുന്നതിനും കരാർ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് തമിഴ്നാടുമായി ചർച്ച നടത്തി പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. 1988-ൽ പുനരവലോകന ചർച്ചകൾ ആരംഭിച്ചുവെങ്കിലും അധികജലം പങ്കുവയ്ക്കുന്നതുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ അന്തിമതീരുമാനമായിട്ടില്ല. അന്തർ സംസ്ഥാന നദീജല കരാറുകൾ പുതുക്കുന്നതിനായി ഇരുസംസ്ഥാനങ്ങളിലെയും വകുപ്പുസെക്രട്ടറിമാരുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ച് യോഗങ്ങൾ ചേരുകയും പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം ചെയ്യുന്നത് സംബന്ധിച്ച് പ്രാരംഭ ചട്ടക്കൂടുണ്ടാക്കുന്നതിൽ തമിഴ്നാടുമായി സമവായത്തിലെത്തുകയും

ചെയ്തിട്ടുണ്ട്. സംസ്ഥാനം ആവശ്യപ്പെട്ടതനുസരിച്ച് കരാർ പ്രകാരം ജലവിഭജനത്തിനും വിതരണത്തിനും അധികാരമുള്ള സംയുക്ത വാട്ടർ റെഗുലേറ്ററി ബോർഡിന്റെ യോഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ തമിഴ്നാട് സമ്മതിച്ചിട്ടുണ്ട്. പറമ്പിക്കുളം ഡാമിൽ അനുവദിക്കാവുന്ന പരമാവധി ജലനിരപ്പ് നിശ്ചയിക്കേണ്ടതിന്റെ ആവശ്യകത ബോർഡ് യോഗങ്ങളിൽ സംസ്ഥാനം ശക്തമായി ഉന്നയിക്കുന്നുണ്ട്. ദേശീയ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം പറമ്പിക്കുളം-ആളിയാർ കരാർ ഉൾപ്പെടുന്ന നദികളിലേയ്ക്കുള്ള വെള്ളത്തിന്റെ സ്വാഭാവിക ഒഴുക്ക് നിലനിർത്തണമെന്നും ഇതിനുള്ള വ്യവസ്ഥ പുതുക്കുന്ന കരാറിൽ ഉൾപ്പെടുത്തണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ അണക്കെട്ടുകൾ തുറക്കുന്ന സാഹചര്യത്തിൽ പൊതുവായ നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനും ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പറമ്പിക്കുളം-ആളിയാർ കരാർ സമയബന്ധിതമായി പുതുക്കി നൽകുന്നതിനുള്ള ഇടപെടലുകളാണ് സർക്കാർ നടത്തുന്നത്.

## III. സബ്മിഷൻ

### (1) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തൽ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): പ്രളയവും

പ്രകൃതിദുരന്തവുംമൂലം കേടുപാടുകൾ സംഭവിച്ച വീടുകൾക്ക് CMDRF/SDRF -ൽനിന്നും ധനസഹായം ലഭിച്ചിട്ടുള്ള കുടുംബങ്ങളെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്താനും പദ്ധതിപ്രകാരം വീട് വയ്ക്കുന്നതിന് നൽകുന്ന തുകയിൽനിന്നും നേരത്തെ നൽകിയിട്ടുള്ള തുക കുറവ് ചെയ്യുന്ന രീതി ഒഴിവാക്കാനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): പ്രളയത്തിൽ വീട് തകർന്ന കുടുംബങ്ങൾക്ക് CMDRF/SDRF-ൽനിന്നും ധനസഹായം നൽകുന്നുണ്ട്. വീട് പൂർണ്ണമായോ ഭാഗീകമായോ തകർന്ന് വാസയോഗ്യമല്ലാതായ കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് നാല് ലക്ഷം രൂപയാണ് നഷ്ടപരിഹാരം നൽകുന്നത്. വീട് പുനർനിർമ്മിക്കുകയോ പുതിയ വീട് നിർമ്മിക്കുകയോ ചെയ്യുമ്പോൾ SDRF-ൽ നിന്ന് ലഭിച്ച തുക കുറവ് ചെയ്ത് ലൈഫ് മിഷൻ പദ്ധതി നിരക്കായ പരമാവധി നാലുലക്ഷം രൂപവരെ എന്നുകണക്കാക്കി ബാക്കി തുക തദ്ദേശഭരണ സ്ഥാപനംവഴി നൽകാൻ നിലവിൽ അനുമതി നൽകിയിട്ടുണ്ട്. പ്രളയത്തിൽ വീട് പൂർണ്ണമായും തകരുകയും SDRF/CMDRF-ൽനിന്നോ മറ്റേതെങ്കിലും തരത്തിലോ ധനസഹായം ലഭിച്ചവർ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടാലും ഇല്ലെങ്കിലും

പഞ്ചായത്ത്/മുനിസിപ്പൽ എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വീട് നിർമ്മിക്കുന്നതിന് നാല് ലക്ഷം രൂപ ധനസഹായം നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(2) ജലജീവൻ മിഷൻ പൈപ്പ് ലൈൻ

ശ്രീ. ടി. വി. ഇബ്രാഹിം: ജലജീവൻ മിഷൻ പൈപ്പ് ലൈൻ പദ്ധതിയുടെ ഭാഗമായി വെട്ടിപ്പൊളിച്ച പഞ്ചായത്ത് റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): ദേശീയപാതാ റോഡുകൾ മുറിച്ച് പൈപ്പിടുമ്പോൾ പ്രസ്തുത റോഡുഭാഗം പുനഃസ്ഥാപിക്കുന്നതിനാവശ്യമായ തുക ജലജീവൻ മിഷൻ മുൻകൂർ കെട്ടിവച്ച് അനുമതി തേടുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ പഞ്ചായത്ത് റോഡുകളുടെ കാര്യത്തിലും അപ്രകാരം ഡെപ്പോസിറ്റ് ചെയ്യണമെന്നത് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതാണ്. ജലജീവൻ മിഷൻ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലുൾപ്പെടുത്തി ചെയ്യുന്ന ഗ്രാമീണ റോഡുകളുടെ മെയിന്റനൻസിനുവേണ്ടി നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റ് വിഹിതത്തിന്റെ ഭാഗമായി നൽകുന്ന റോഡ് മെയിന്റനൻസ് ഗ്രാന്റ്

ഉപയോഗപ്പെടുത്തി റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താവുന്നതാണ്. ജലജീവൻ മിഷൻ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ഇത്തരം റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് മുൻഗണന നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തീരുമാനമെടുക്കാവുന്നതാണ്.

(3) കാരപ്പാറ-കുരിയാർകുറ്റി പദ്ധതി

ശ്രീ. കെ. ബാബു (നെന്മാറ): ജലസേചനം, കുടിവെള്ള ലഭ്യത, വൈദ്യുതി ഉല്പാദനം എന്നിവ ലക്ഷ്യംവയ്ക്കുന്ന കാരപ്പാറ-കുരിയാർകുറ്റി പദ്ധതി നടപ്പിലാക്കണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): കാരപ്പാറ-കുരിയാർകുറ്റി പദ്ധതിയുടെ ഡി.പി.ആർ.ന് ഭരണാനുമതി നൽകി പര്യവേഷണ പ്രവൃത്തികൾ ആരംഭിക്കുകയും വനമന്ത്രാലയത്തിന്റെ അനുമതിക്കായി രേഖകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പര്യവേഷണം പൂർത്തിയായി ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(4) മുതുകാട് ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് കെട്ടിടം

ശ്രീ. ടി. പി. രാമകൃഷ്ണൻ: നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പേരാമ്പ്ര മുതുകാട് ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): പേരാമ്പ്ര മുതുകാട് ഗവൺമെന്റ് ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന്റെ സാങ്കേതികാനുമതിക്കാവശ്യമായ സിവിൽ, ഇലക്ട്രിക് വർക്കുകളുടെ ടെണ്ടർ നടപടി 2021 നവംബർ അവസാനത്തോടെ ആരംഭിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. വ്യവസായ പരിശീലന വകുപ്പ് ജോയിന്റ് ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗം പേരാമ്പ്ര ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി സംബന്ധിച്ച് ചർച്ച ചെയ്ത് നിർമ്മാണം ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി വ്യവസായ പരിശീലന വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഈ മാസം യോഗം ചേർന്ന് നിർമ്മാണ പ്രവൃത്തികൾ ത്വരിതഗതിയിലാക്കുന്നതാണ്.

## (5) ജനവാസ കേന്ദ്രങ്ങളിലെ വന്യമൃഗ ശല്യം

ശ്രീ. എ. പി. അനിൽ കുമാർ: കുണ്ടോട, ചേരി പ്രദേശങ്ങളിലിറങ്ങിയ കടുവയെ പിടികൂടുകയും വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുകയും വനമേഖലയിൽ നിന്നും മാറി താമസിക്കാൻ ആഗ്രഹിക്കുന്നവർക്ക് വീടും സ്ഥലവും അനുവദിക്കുകയും കരുവാരക്കുണ്ട് പ്രദേശത്ത് ഫോറസ്റ്റ് സ്റ്റേഷൻ ആരംഭിക്കുകയും ചെയ്യണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കടുവയുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചതിനെ തുടർന്ന് കുണ്ടോട റബ്ബർ എസ്റ്റേറ്റിൽ ക്യാമറ ട്രാപ്പും കൂട്ടും സ്ഥാപിച്ചതിനൊപ്പം പരിസരവാസികളുടെ സഹായത്തോടെ എസ്റ്റേറ്റിലെ അടിക്കാടുകൾ നീക്കം ചെയ്തിട്ടുമുണ്ട്. കടുവയുടെ ആക്രമണംമൂലം വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം അനുവദിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. കരുവാരക്കുണ്ടിൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(6) വനവിസ്തൃതിക്കായി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം

ശ്രീ. സണ്ണി ജോസഫ്: റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്, കിഫ്ബി പദ്ധതികൾ വഴി വനവിസ്തൃതിക്കായി ഏറ്റെടുക്കുന്ന ഭൂമിയുടെ പ്രതിഫലം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്, കിഫ്ബി പദ്ധതികൾ വഴി ഭൂമി ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ പുന:പരിശോധന നടത്തുന്നത് സാധ്യമാണോയെന്ന് പരിശോധിക്കുന്നതാണ്.

(7) ശാസ്താംകോട്ടയിലെ കുരങ്ങ് ശല്യം

ശ്രീ. കോവൂർ കുഞ്ഞുമോൻ: ശാസ്താംകോട്ടയിലെ കുരങ്ങ് ശല്യം തടയുന്നതിനും ശല്യക്കാരായ കുരങ്ങുകളെ വനത്തിൽ പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കോടതിവിധിയുടെ അടിസ്ഥാനത്തിൽ വെള്ളക്കുരങ്ങുകളെ ശെന്തുരുണിവനത്തിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽനിന്നും പിടികൂടി അച്ചൻകോവിൽ, കോന്നി വനം ഡിവിഷനുകളിലെ ഉൾക്കാടുകളിൽ പുനരധിവസിപ്പിച്ച കുരങ്ങുകൾ സമീപപ്രദേശങ്ങളിൽ നാശനഷ്ടമുണ്ടാക്കുന്നതിനാൽ ശല്യക്കാരായ കുരങ്ങുകളെ പിടികൂടി പുനരധിവസിപ്പിച്ച് പ്രശ്നം പരിഹരിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(8) കാർഷിക യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കൽ

ശ്രീ. മാത്യു ടി. തോമസ്: കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കാർഷിക യന്ത്രങ്ങൾ പ്രവർത്തനസജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): 2018-ലെ പ്രളയത്തെത്തുടർന്ന് തിരുവല്ല യൂണിറ്റ് ഓഫീസിൽ സൂക്ഷിച്ചിരുന്ന കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പല യന്ത്രങ്ങളും റിപ്പെയർ ചെയ്യാൻ സാധിക്കാത്തവിധം നശിച്ചിട്ടുണ്ട്. കൊയ്ത്തുമെതിയന്ത്രങ്ങളിൽ മൂന്നെണ്ണവും ടില്ലറുകളിൽ ഒരെണ്ണവും മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. ബാക്കിയുള്ള യന്ത്രങ്ങൾ പ്രവർത്തനസജ്ജമാക്കാൻ സാധിക്കാത്തവിധം കേടുപാട് സംഭവിച്ചവയോ റിപ്പെയർ ചെയ്യുന്നതിന് ഭീമമായ തുക ആവശ്യമായി വരുന്നവയോ ആണ്. കാലാവധി കഴിഞ്ഞ യന്ത്രങ്ങൾ കണ്ടം ചെയ്യണമെന്ന സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷൻ സ്പെഷ്യൽ ഓഫീസറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന കൂടുതൽ കാർഷിക യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(9) കോൾ നിലങ്ങൾക്കാവശ്യമായ കുമ്മായവും രാസവളവും ലഭ്യമാക്കൽ

ശ്രീ. പി. ബാലചന്ദ്രൻ: കോൾനില കൃഷിക്കാവശ്യമായ വിത്തും കുമ്മായവും രാസവളവും ലഭ്യമാക്കുന്നതിനും അരിമ്പൂരിലുള്ള കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ വർക്ക്ഷോപ്പ് പ്രവർത്തനസജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): മഴക്കെടുതിയെത്തുടർന്ന് നെൽകൃഷി നശിച്ച പുല്ലഴി, മണിനാടൻ തുടങ്ങിയ കോൾപാടങ്ങളിൽ കൃഷിയിറക്കുന്നതിന് നെൽവിത്ത് സൗജന്യമായും 75% സബ്സിഡിയോടെ കുമ്മായവും നൽകിയിട്ടുള്ളതും കർഷകർക്ക് കുമ്മായം ലഭ്യമാക്കുന്നതിന് ജനകീയാസൂത്രണ പദ്ധതിയിൽ ഫണ്ട് വകയിരുത്തിയിട്ടുള്ളതുമാണ്. നെൽകൃഷിക്കാവശ്യമായ ഉൽപ്പാദന ഉപാധികൾക്കുള്ള സബ്സിഡിയായി ഹെക്ടറൊന്നിന് 5500 രൂപ നിരക്കിൽ നൽകുന്നതിന് അയ്യന്തോൾ കൃഷിഭവന് അനുവദിച്ച തുകയിൽ വളം വാങ്ങുന്നതിനുള്ള തുകയും ഉൾപ്പെട്ടിട്ടുണ്ട്. വിത്തുപാകി ദിവസങ്ങൾക്കകമുണ്ടാകുന്ന വിളനാശങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്ന നടപടി സ്വീകരിച്ചുവരികയാണ്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ വർക്ക്ഷോപ്പ് പ്രവർത്തനസജ്ജമാക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(10) പാലക്കോട് അഴിമുഖത്ത് പുലിമുട്ട് സ്ഥാപിക്കൽ

ശ്രീ. എം. വിജിൻ: കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിക്ക് സമീപം പാലക്കോട് അഴിമുഖത്ത് പുലിമുട്ടുകൾ നിർമ്മിക്കുന്നതോടൊപ്പം റിവർ ട്രെയിനിംഗ് പദ്ധതി പൂർത്തീകരിക്കുന്നതിനും ചൂട്ടാട് മഞ്ച ഫിഷ് ലാൻഡിംഗ്

സെന്ററിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിക്ക് സമീപം പാലക്കോട് അഴിമുഖത്ത് മണൽ അടിയുന്നതുമൂലമുള്ള അപകടങ്ങളും മത്സ്യബന്ധന യാനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും കണക്കിലെടുത്ത് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി പുതിയങ്ങാടി റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു; ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതാണ്.

## IV. റിപ്പോർട്ട് സമർപ്പണം

(1) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനൊന്ന് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

(2) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമർപ്പിച്ചു.

## V. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

(i) 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ

(ii) 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): മെഡിക്കൽ പ്രാക്ടീഷണർമാരുടെ രജിസ്ട്രേഷനും യോഗ്യത നിയന്ത്രിക്കുന്നതിനുമായി സംസ്ഥാനത്ത് നിലവിലുള്ള 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് കാലോചിതമായി പരിഷ്കരിച്ച് കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് കൊണ്ടുവരുന്നതിനുവേണ്ടിയുള്ളതാണ് ഈ ബിൽ. കോവിഡിന്റെ

പശ്ചാത്തലത്തിൽ സ്വകാര്യ ആശുപത്രികളുടെയും ലാബുകളുടെയും രജിസ്ട്രേഷൻ കാലാവധി രണ്ടുവർഷമെന്നുള്ളത് നാലുവർഷമായി ദീർഘിപ്പിക്കുന്നതിനുവേണ്ടിയാണ് കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. എ. പി. അനിൽ കുമാർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2018-ൽ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ കൊണ്ടുവന്നപ്പോൾ ആരോഗ്യമേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുമെന്ന് പ്രതീക്ഷിച്ചെങ്കിലും അതിന്റെ ഗുണം ലഭ്യമായിട്ടുണ്ടോയെന്ന് പരിശോധിക്കണം. സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ പ്രതിസന്ധിയുടെ കാരണം കണ്ടെത്തണം. അപൂർവ്വരോഗങ്ങളുടെയും മഹാമാരികളുടെയും ഹബ്ബായി സംസ്ഥാനം മാറിയിരിക്കുകയാണ്. കേരളത്തിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതും കോവിഡുമായി ബന്ധപ്പെട്ട ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് പത്ത് ശതമാനമാനത്തിൽ കുറയാതെ തുടരുന്നതും പരിശോധനാവിധേയമാക്കണം. കോവിഡ് പ്രതിരോധ പ്രവർത്തനം നടത്തുന്ന ജീവനക്കാരെ പിരിച്ചുവിട്ട നടപടി പ്രതിഷേധാർഹമാണ്. കോവിഡ് വന്നവർക്കും വാക്സിൻ എടുത്തവർക്കും വീണ്ടും വൈറസ് ബാധയുണ്ടാകുന്ന സാഹചര്യത്തിൽ അതുസംബന്ധിച്ച

ജനിതകപഠനം നടത്തണം. പകർച്ചവ്യാധികളെയും അപ്രതീക്ഷിതമായി വരുന്ന രോഗങ്ങളെയും നേരിടാൻ ആവശ്യമായ തയ്യാറെടുപ്പ് ആശുപത്രികളിൽ സജ്ജമാക്കണം. ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. പി. കെ. ബഷീർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ആയുർവേദവും ഹോമിയോപ്പതിയും പ്രാക്ടീസ് ചെയ്യുന്നതിന് രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥയിൽ നൽകിയ ഇളവ് ബില്ലിലെ ഖണ്ഡം 42(എ) പ്രകാരമുള്ള വ്യവസ്ഥകൾ നിലവിൽ വരുമ്പോൾ തുടർന്നും ലഭ്യമാകുമോ എന്ന കാര്യത്തിൽ വ്യക്തത ആവശ്യമുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനം നടത്തിയ ജീവനക്കാരെ പിരിച്ചുവിട്ട നടപടി പ്രതിഷേധാർഹമാണ്. അപൂർവ്വ ജനിതക രോഗങ്ങൾക്കായി പ്രത്യേക കർമ്മ പദ്ധതിയും മാനസികാരോഗ്യ പദ്ധതിയും നടപ്പാക്കണം. ഹീമോഫീലിയ രോഗികൾക്കുള്ള ചികിത്സ സി.എച്ച്.സി./താലൂക്കാശുപത്രിവഴി നൽകുന്നതോടൊപ്പം അവർക്ക് നൽകുന്ന ധനസഹായം പുന:സ്ഥാപിക്കാനും കുടിശ്ശിക തീർത്ത് നൽകാനും നടപടി സ്വീകരിക്കണം. പകർച്ചവ്യാധി വ്യാപനം, ജീവിതശൈലീ രോഗങ്ങൾ എന്നിവ മുൻകൂട്ടി കണ്ടെത്തി തടയാനുള്ള പദ്ധതി ആവിഷ്കരിക്കുകയും അതുസംബന്ധിച്ച് ബോധവത്ക്കരണം നടത്തുകയും

വേണം. മെഡിക്കൽ കോളേജുകളുടെ നിലവാരം വർദ്ധിപ്പിച്ച് അതിവിശിഷ്ട ചികിത്സാകേന്ദ്രങ്ങളാക്കാനും വൃദ്ധജനപരിപാലനം, സാന്ത്വന ചികിത്സ തുടങ്ങിയ വിഷയങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാനും നടപടിയുണ്ടാകണം. ആയുഷ് - ഹോമിയോ വകുപ്പുകളുടെ സെക്രട്ടറിയായി അലോപ്പതി വിഭാഗത്തിൽ നിന്നുള്ള ഡോക്ടറെ നിയമിക്കുന്നത് ഒഴിവാക്കണം.

ശ്രീമതി കെ. കെ. രമ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. വേണ്ടത്ര മുന്നൊരുക്കമില്ലാതെയാണ് ബിൽ രൂപപ്പെടുത്തിയിരിക്കുന്നത്. മോഡേൺ മെഡിക്കൽ കൗൺസിലിനായി പ്രത്യേക കാര്യാലയത്തോടുകൂടിയുള്ള സ്ഥാപനം യാഥാർത്ഥ്യമാക്കണം. കൗൺസിൽ രജിസ്ട്രാറായി മെഡിക്കൽ രംഗത്തുനിന്നും ഡോക്ടറെ നിയമിക്കുന്നതിനുള്ള ഭേദഗതിയുണ്ടാകണം. വിദേശത്തുനിന്നും മെഡിക്കൽ ബിരുദം നേടുന്നവർ സംസ്ഥാനത്ത് മെഡിക്കൽ പ്രാക്ടീസ് നടത്തുമ്പോഴുണ്ടാകുന്ന പൊതുജനങ്ങൾക്കിടയിലെ ആശയക്കുഴപ്പം പരിഹരിക്കുന്നതിനും കൗൺസിൽ അംഗീകരിച്ച പ്രകാരമുള്ള അധിക യോഗ്യതകൾ മാത്രം ഡോക്ടർമാരുടെ ബോർഡുകളിൽ രേഖപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ബില്ലിലെ വ്യവസ്ഥകൾ ഐ.എം.സി.സി. നിയമത്തിനും നാഷണൽ കമ്മീഷൻ ഫോർ ഇന്ത്യൻ

സിസ്റ്റം ഓഫ് മെഡിസിൻ നിയമത്തിനും വിരുദ്ധമാണോയെന്ന് പരിശോധിക്കണം. ആയുർവേദ വിഭാഗത്തിൽനിന്നുള്ള കൂടുതൽ ഡോക്ടർമാരെ കൗൺസിലിൽ അംഗങ്ങളായി ഉൾപ്പെടുത്തണം. പാരമ്പര്യ വൈദ്യന്മാരുടെ ചികിത്സാ സമ്പ്രദായം സംബന്ധിച്ച വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കണം. വ്യാജ ചികിത്സ നടത്തുന്ന ഡോക്ടർമാരെ കണ്ടെത്തുന്നതിനായി സർക്കാർ മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതിനും ആശുപത്രികൾ ചികിത്സയ്ക്കായി ഈടാക്കുന്ന ഫീസ് ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. കോവിഡ് ബാധിച്ച് ഇതരസംസ്ഥാനങ്ങളിലെ ആശുപത്രികളിൽ വച്ച് മരണപ്പെട്ട കേരളീയർക്ക് കോവിഡ് ധനസഹായം ലഭിക്കുന്നതിനായി ആശ്രിതർക്ക് രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സൗകര്യമുണ്ടാക്കണം. ചെറുകിട ക്ലിനിക്കുകൾക്ക് സാമ്പത്തിക ഇളവുകൾ അനുവദിക്കുന്നതിനും രജിസ്ട്രേഷനായി ഏകജാലക സംവിധാനമൊരുക്കുന്നതിനും ആശുപത്രികളെ ശക്തിപ്പെടുത്തുന്നതിന് ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. പി. വി. ശ്രീനിജിൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. എൻ. ഷംസീർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ പൊതുജനാഭിപ്രായം

നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മെഡിക്കൽരംഗത്ത് വ്യാജന്മാരെ തടയുന്നതിനാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. മോഡേൺ മെഡിസിൻ, ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, ഹോമിയോപ്പതിക് മെഡിസിൻ തുടങ്ങിയ ശാഖകൾ ആരോഗ്യ മേഖലയ്ക്ക് നൽകിയ സംഭാവനകൾ തുല്യ പ്രാധാന്യത്തോടെയാണ് സർക്കാർ കാണുന്നത്. എം.ബി.ബി.എസ്. മാത്രം പഠിച്ച ഡോക്ടർ സ്പെഷ്യലൈസ്ഡ് വിഭാഗങ്ങളിൽ ചികിത്സ നൽകുന്നത് തടയുന്നതോടൊപ്പം ആയുർവേദ മേഖലയിലെ പാരമ്പര്യ ചികിത്സാ സമ്പ്രദായത്തിൽ വ്യവസ്ഥ നിശ്ചയിക്കുകയും വേണം. ആരോഗ്യപ്രവർത്തകരെ ആക്രമിക്കുന്ന പ്രവണത എതിർക്കപ്പെടുകയും ഡോക്ടർമാർക്ക് സംഭവിക്കുന്ന പിഴവ് മെഡിക്കൽ എഥിക്സ് കമ്മിറ്റികൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുകയും വേണം. മോഡേൺ മെഡിസിൻ, ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, ഹോമിയോപ്പതിക് മെഡിസിൻ എന്നിവയ്ക്ക് മെഡിക്കൽ കൗൺസിൽ ആരംഭിക്കുന്ന കാര്യം പരിശോധിക്കണം. കുടുംബാരോഗ്യ കേന്ദ്രങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കുന്നതും ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് സംവിധാനമേർപ്പെടുത്തിയതും മാതൃകാപരമാണ്. മെഡിക്കൽ മേഖലയിൽ ടീച്ചിംഗ് രംഗത്ത് പുതിയ ഡോക്ടർമാർക്ക് അവസരം നൽകുന്നതോടൊപ്പം

സർക്കാർ മേഖലയിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് വീടിനടുത്ത് നിയമനം നൽകുകയും വേണം.

ശ്രീ. പ്രമോദ് നാരായൺ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീമതി യു. പ്രതിഭ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ആരോഗ്യം, തദ്ദേശസ്വയംഭരണം, ആഭ്യന്തരം എന്നീ വകുപ്പുകൾ കോവിഡ്-19-ന്റെ പ്രതിരോധ പ്രവർത്തനത്തിൽ മാതൃകാപരമായ പങ്ക് വഹിച്ചത് അഭിനന്ദനാർഹമാണ്. ആരോഗ്യ മേഖലയിലെ തൊഴിലവസരങ്ങളിൽ കോവിഡ് പ്രതിരോധ പ്രവർത്തന-ങ്ങളിലേർപ്പെട്ടവർക്ക് മുൻഗണന നൽകണം. രജിസ്ട്രേഷൻ കൃത്യമാക്കിയും യോഗ്യത നിർണ്ണയിച്ചും വ്യാജഡോക്ടർമാരെ കണ്ടെത്തണം. ഡോക്ടർമാർക്ക്/ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയണം. പകർച്ചവ്യാധി, മാലിന്യസംസ്കരണം എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം നൽകണം. ആരോഗ്യമേഖലയിൽ ഗവൺമെന്റ് നടത്തുന്ന സമഗ്ര ഇടപെടലുകൾ അഭിനന്ദനാർഹമാണ്.

ശ്രീ. വി. കെ. പ്രശാന്ത് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ഡി. പ്രസേനൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ലാബുകളുടെ ഗുണമേന്മയും ജീവനക്കാരുടെ യോഗ്യതയും ഉറപ്പുവരുത്തുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. നിസ്സാര രോഗങ്ങൾക്കുപോലും വില കൂടിയ മരുന്നുകൾ കഴിക്കണമെന്നതും മരുന്നുകളുടെ വർദ്ധിച്ച ഉപയോഗം മറ്റ് രോഗങ്ങൾക്ക് കാരണമാകുമെന്നതും ഗൗരവമായി കാണണം. കുട്ടികളുടെ കിഡ്നി ട്രാൻസ്പ്ലാന്റേഷന് ഗവൺമെന്റ്തലത്തിൽ സൗകര്യമൊരുക്കുന്നതിനും സ്റ്റേറ്റ് കൗൺസിലിൽ സിദ്ധ, യുനാനി, നാച്ചുറോപ്പതി, ഹോമിയോപ്പതി തുടങ്ങിയ മേഖലകളിൽ നിന്നുള്ളവരെക്കൂടി ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. കെ. ബഷീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. സി. വിഷ്ണുനാഥ് : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2018-ൽ നിലവിൽവന്ന ഈ ആക്ടിന്റെ പരിധിയിലേയ്ക്ക്

2021 വരെ സ്വകാര്യ ആശുപത്രികളെ കൊണ്ടുവരാൻ കഴിയാതിരുന്നത് സർക്കാരിന്റെ പിടിപ്പുകേടാണ്. വിവിധ ആശുപത്രികളിൽ ഒരേ ചികിത്സയ്ക്ക് വിവിധ നിരക്ക് ഈടാക്കുന്നതിന് നിയന്ത്രണം കൊണ്ടുവരികയും സ്വകാര്യ ആശുപത്രികളുടെ ചൂഷണം അവസാനിപ്പിക്കുകയും സർക്കാർ ആശുപത്രികളിലെ ലാബ് സൗകര്യം മെച്ചപ്പെടുത്തുകയും വേണം. കേരളത്തിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് ഉയർന്നുനിൽക്കുന്ന സാഹചര്യത്തിൽ കോവിഡ് ബ്രിഗേഡുമാരെ പിരിച്ചുവിട്ടത് പ്രതിഷേധാർഹമാണ്. കേന്ദ്ര സംഘം നിർദ്ദേശിച്ചപ്രകാരം സംസ്ഥാനത്ത് ക്ലിനിക്കൽ എപ്പിഡമോളജിക്കൽ സ്റ്റഡി നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ ആരോഗ്യമേഖലയിൽ ഗുണനിലവാരവും മികച്ച ചികിത്സാ സൗകര്യങ്ങളും ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിന് അനിവാര്യമായിട്ടുള്ളതാണ്. വിവിധ ചികിത്സാ രീതിയിലുള്ള 6488-ഓളം ക്ലിനിക്കൽ സ്ഥാപനങ്ങൾ താല്ക്കാലിക രജിസ്ട്രേഷൻ നേടിയിട്ടുണ്ട്. സ്ഥിര രജിസ്ട്രേഷൻ ലഭിക്കുന്നതിന് എല്ലാ ചികിത്സാ വിഭാഗങ്ങളിലെയും മിനിമം

സ്റ്റാൻഡേർഡ്സ് നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും അസസ്സർമാർ സ്ഥാപനങ്ങളിൽ നേരിട്ടുപോയി വിലയിരുത്തേണ്ടതുമാണ്. രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കുന്നതാണ്. പ്രാദേശികമായി പ്രവർത്തിക്കുന്ന ചെറിയ ക്ലിനിക്കുകളെ ഈ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നിവിടങ്ങളിൽ 20 വർഷമായി പ്രാക്ടീസ് ചെയ്യുന്ന പാരമ്പര്യ ആയുർവേദ വൈദ്യൻമാരെയും അംഗീകൃത യോഗ്യതയില്ലാത്ത ഹോമിയോപ്പതി ചികിത്സകരെയും പ്രത്യേക വിഭാഗങ്ങളായി പരിഗണിച്ച് 1953-ലെ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിലെ വകുപ്പ് 38 പ്രകാരം രജിസ്ട്രേഷൻ വ്യവസ്ഥയിൽ ഇളവ് നൽകി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്യുകയും 21.02.2011-ലെ സർക്കാർ ഉത്തരവും സമാന ഉത്തരവുകളും ക്വാഷ് ചെയ്യുകയുമുണ്ടായി. നിലവിലെ രജിസ്റ്ററിലുള്ള എല്ലാവരും പുതിയ ആക്ട് പ്രകാരമുള്ള രജിസ്റ്ററിലും ഉണ്ടായിരിക്കുന്നതാണ്. 2023-ഓടുകൂടി സമ്പൂർണ്ണ ആന്റിബയോട്ടിക് സാക്ഷരതയുള്ള സംസ്ഥാനമാക്കി കേരളത്തെ മാറ്റാനുള്ള പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ക്ഷയരോഗമുക്ത കേരളം

പദ്ധതിയിലൂടെ ക്ഷയരോഗികളെ കണ്ടെത്തുന്നതിനുള്ള കാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. സർക്കാർ മേഖലയിൽ ട്രാൻസ്പ്ലാന്റേഷൻ സൗകര്യമൊരുക്കുന്നതിനെക്കുറിച്ച് ആലോചിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്; ഇതിന്റെ സുതാര്യത ഉറപ്പാക്കുന്നതിനായി Kerala State Organ and Tissue Transplant Organisation (SOTTO) രൂപീകരിച്ചിട്ടുണ്ട്. അവയവദാനം പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയ നടത്താനുള്ള ലൈസൻസ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ 27 ആശുപത്രികളുടെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ 2.25 കോടി രൂപ അനുവദിക്കുകയും 100 സർക്കാർ ആശുപത്രികളിൽക്കൂടി ഇ-ഹെൽത്ത് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഐക്യരാഷ്ട്ര സംഘടന അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാനത്തെ മാതൃ-ശിശു സൗഹൃദമാക്കുന്നതിനുള്ള സമഗ്ര രൂപരേഖ തയ്യാറാക്കുന്നതാണ്. യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പരിപാടിയുടെ ഭാഗമായി കുഞ്ഞുങ്ങൾക്ക് ന്യൂമോകോക്കൽ വാക്സിൻ നൽകിത്തുടങ്ങിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒരു വർഷത്തിനുള്ളിൽ Contagious Infectious Disease-നായി

ബി.എസ്.എൽ. ലെവൽ 3 ലാബ് ആരംഭിക്കുന്നതിനും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ Contagious Infectious Disease Block നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ജീവിതശൈലീ രോഗങ്ങൾ കുറയ്ക്കാനുള്ള കർമ്മപരിപാടി ആവിഷ്കരിക്കുന്നതാണ്. ആരോഗ്യ മേഖലയിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുന്നതോടൊപ്പം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളും ചികിത്സയും ഉറപ്പാക്കാൻ എൻ.എച്ച്.എം., ഹോസ്പിറ്റൽ സമിതികൾ എന്നിവ മുഖേന ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ മിഷന് കീഴിലുള്ള 'വി കെയർ' പദ്ധതി വിപുലപ്പെടുത്തി അപൂർവ്വ രോഗബാധിതരായ കുട്ടികളുടെ ചികിത്സയ്ക്ക് ഫണ്ട് സ്വരൂപിക്കുന്നതിനുള്ള പദ്ധതി പരിശോധിച്ചുവരികയാണ്. ഹൈക്കോടതി നിർദ്ദേശപ്രകാരം അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്കായി ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് എസ്.എം.എ. ഉൾപ്പെടെയുള്ള ജനിതക രോഗങ്ങൾ ഗർഭാവസ്ഥയിൽത്തന്നെ കണ്ടെത്തുന്നതിനുള്ള പരിശോധന നടത്താനുള്ള സൗകര്യം ഒരുക്കുന്നതാണ്. ഹീമോഫീലിയ രോഗികൾക്കുള്ള ധനസഹായ

വിതരണം തടസ്സപ്പെട്ട വിഷയം പരിശോധിക്കുന്നതാണ്. മഞ്ചേരി മെഡിക്കൽ കോളേജിലെ ഇ.എൻ.റ്റി, ഡെർമറ്റോളജി, ഒഫ്ത്താൽമോളജി വിഭാഗങ്ങളിലെ പി.ജി. സീറ്റുകൾക്ക് ഈ വർഷം മുതൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലും 2021- ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

(i) 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ

രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു.

ഖണ്ഡം 2 (a)-യിൽ "കൗൺസിലുകളും" എന്ന വാക്കിനുപകരം "കൗൺസിലും" എന്ന വാക്ക് ചേർക്കുക.

2-ാം ഖണ്ഡത്തിന്റെ (ഐ) (ii) ഇനത്തിനുപകരം "ഔട്ട്പേഷ്യന്റ്

വിഭാഗവും ഇൻപേഷ്യന്റ് വിഭാഗവും ഉള്ളതായ പ്രകൃതിചികിത്സാ ആശുപത്രികൾ; അല്ലെങ്കിൽ" എന്ന ഇനം ചേർക്കുക

217, 218, 219, 222, 229, 230, 234, 236, 241, 244, 246, 248, 251, 252, 253, 255, 258, 259, 260, 261, 262, 265, 271, 272, 273, 277, 281, 288, 291, 292, 295, 296, 297, 298, 303, 310, 315, 316, 317, 322, 325, 326, 329, 332, 333, 340, 341, 344, 345, 346, 350, 351, 354, 362, 363, 364, 365, 367, 376, 378, 379, 381, 383, 387, 393, 395, 397, 398, 402, 404, 409 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗികമായി അവതരിപ്പിച്ചു.

266. ഖണ്ഡം 2(ഡി)-ൽ "ആയുർവേദ" എന്നതിന് ശേഷം "ചികിത്സാ" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

267. ഖണ്ഡം 2(ഡി)-ൽ "ചികിത്സ കേന്ദ്രങ്ങൾ" എന്ന് വരുന്നിടത്തെല്ലാം "ചികിത്സാ കേന്ദ്രങ്ങൾ" എന്ന് ചേർക്കുക.

278. ഖണ്ഡം 2 (ഇ)-ൽ "ആയുർവ്വേദ" എന്നതിന് പകരം "ആയുർവേദ" എന്ന് ചേർക്കുക.

377. ഖണ്ഡം 2(എൽ)-ൽ "കൈവശമുള്ള" എന്നതിന് ശേഷമുള്ള "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

404. ഖണ്ഡം 2(പി)-ൽ "നിയമിച്ച" എന്നതിന് പകരം "നിയമിക്കപ്പെട്ട" എന്ന് ചേർക്കുക.

406. ഖണ്ഡം 2(പി)-ൽ "ബന്ധപ്പെട്ട കൗൺസിലിന്റെ" എന്നത് ഒഴിവാക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

219. ഖണ്ഡം 2 (എ) -ൽ "ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിൽ" എന്നീ വാക്കുകൾക്ക് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

234. ഖണ്ഡം 2(എ)-ൽ "കീഴിൻ" എന്നതിനുപകരം "കീഴിൽ" എന്ന് ചേർക്കുക.

255. ഖണ്ഡം 2(സി)-ൽ, "ഹോമിയോപ്പതിക്ക്" എന്നതിന് പകരം "ഹോമിയോപ്പതിക് " എന്ന് ചേർക്കുക.

281. ഖണ്ഡം 2 (ഇ)-ൽ " സിദ്ധ മെഡിസിൻ" എന്നതിന് പകരം "സിദ്ധ ചികിത്സ" എന്ന് ചേർക്കുക.

297. ഖണ്ഡം 2(എഫ്)-ൽ "മോഡേൺ മെഡിസിനോ" എന്നതിന് ശേഷമുള്ള "," ചിഹ്നം ഒഴിവാക്കുക.

298. ഖണ്ഡം 2(എഫ്)-ൽ "ഹോമിയോപ്പതിക്ക്" എന്നതിന് പകരം "ഹോമിയോപ്പതിക്" എന്ന് ചേർക്കുക.

365. ഖണ്ഡം 2 (എൽ)-ൽ "എന്നാൽ" എന്നതിന് ശേഷമുള്ള "ഒരു" എന്നത് ഒഴിവാക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മൂന്നാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു.

3-ാം ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡത്തിൽ "മോഡേൺ മെഡിസിൻ കൗൺസിലിൽ താഴെപ്പറയുന്ന പതിനഞ്ച് അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്" എന്ന വാക്കുകൾക്കു പകരം "മോഡേൺ മെഡിസിൻ കൗൺസിൽ താഴെപ്പറയുന്ന പതിനഞ്ച് അംഗങ്ങൾ അടങ്ങുന്നതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3-ാം ഖണ്ഡത്തിന്റെ (4)-ാം ഉപഖണ്ഡത്തിൽ "ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിലിൽ താഴെപ്പറയുന്ന പതിനഞ്ച് അംഗങ്ങൾ, അടങ്ങിയിരിക്കേണ്ടതാണ്" എന്ന വാക്കുകൾക്കു പകരം " ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിൽ താഴെപ്പറയുന്ന പതിനഞ്ച് അംഗങ്ങൾ അടങ്ങുന്നതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3-ാം ഖണ്ഡത്തിന്റെ (5)-ാം ഉപഖണ്ഡത്തിൽ "ഹോമിയോപ്പതിക്ക് മെഡിസിൻ കൗൺസിലിൽ താഴെപ്പറയുന്ന പന്ത്രണ്ട് അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്" എന്ന വാക്കുകൾക്കു പകരം " ഹോമിയോപ്പതിക് മെഡിസിൻ കൗൺസിൽ താഴെപ്പറയുന്ന പന്ത്രണ്ട് അംഗങ്ങൾ അടങ്ങുന്നതാണ്, അതായത് " എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

417, 424, 429, 432, 436, 439, 440, 441, 445, 452, 455, 456, 460, 461, 466, 467, 470, 472, 476, 480, 481, 482, 484, 486, 488, 489, 495, 500, 502, 503, 505, 509, 510, 514, 517, 521, 524, 525, 526, 528, 530, 532, 534, 537, 541, 544, 545, 546, 549, 550, 551, 554, 555, 558, 560, 562, 573, 575, 577, 581, 583, 584, 586 എന്നീ

നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

423. ഖണ്ഡം 3(1)(ബി) -ൽ "കൂടാതെ" എന്നത് ഒഴിവാക്കുക.

476. ഖണ്ഡം 3(3) (എഫ്)-ൽ "രജിസ്ട്രേഷന് ശേഷം" എന്നത് ഒഴിവാക്കുക

507. ഖണ്ഡം 3(4)(എ)-ൽ "എഡ്യൂക്കേഷൻ" എന്നതിന് ശേഷം "ഡിപ്പാർട്ട്മെന്റ്" എന്ന് ചേർക്കുക.

508. ഖണ്ഡം 3(4)(ബി)-ൽ "മെഡിസിൻ" എന്നതിന് ശേഷം "ഡിപ്പാർട്ട്മെന്റ്" എന്ന് ചേർക്കുക.

520. ഖണ്ഡം 3(4)(ഡി)-ൽ " നാമനിർദ്ദേശം ചെയ്യപ്പെടുന്ന" എന്നതിന് പകരം "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന " എന്ന് ചേർക്കുക.

569. ഖണ്ഡം 3(5)(ഡി)-ൽ "നാമനിർദ്ദേശം ചെയ്യപ്പെടുന്ന" എന്നതിന് പകരം "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

424. ഖണ്ഡം 3(1)(സി)-ൽ "ഹോമിയോപ്പതിക്ക് " എന്നതിന് പകരം "ഹോമിയോപ്പതിക് " എന്ന് ചേർക്കുക.

455. ഖണ്ഡം 3 (3)(ഡി)-ൽ " നാമനിർദ്ദേശം ചെയ്യപ്പെടുന്ന" എന്നതിന്

പകരം "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്ന് ചേർക്കുക.

460. ഖണ്ഡം 3(3)(ഇ)-ൽ "സ്വകാര്യ" എന്നതിന് പകരം

"സ്വകാര്യ/സ്വാശ്രയ" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

489. ഖണ്ഡം 3(3)(ജി)-ൽ "രജിസ്ട്രേഷന് ശേഷം" എന്നത് ഒഴിവാക്കുക.

503. ഖണ്ഡം 3(3)(എച്ച്)-ൽ "സർവ്വകലാശാലയിലെ" എന്നതിന് പകരം "സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

510. ഖണ്ഡം 3(4)(സി)-ൽ "പ്രകൃതിചികിത്സയും" എന്നതിന് ശേഷം "എന്നീ വിഭാഗങ്ങളിലെ" എന്ന് ചേർക്കുക.

526. ഖണ്ഡം 3(4)(എഫ്)-ൽ "മെഡിസിനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാക്ടീഷണർമാരിൽ" എന്നതിന് പകരം "മെഡിസിനിലെ രജിസ്റ്റേർഡ് പ്രാക്ടീഷണർമാർ അവർക്കിടയിൽ" എന്ന് ചേർക്കുക.

550. ഖണ്ഡം 3(4)(ജെ)(i)-ൽ "പ്രകൃതി ചികിത്സയും യോഗ സയൻസ്" എന്നതിന് പകരം "യോഗയും പ്രകൃതിചികിത്സയും" എന്ന് ചേർക്കുക.

558. ഖണ്ഡം 3(4)(കെ)-ൽ "സർവ്വകലാശാലയിലെ" എന്നതിന് പകരം "സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

586. ഖണ്ഡം 3(5)(എച്ച്)-ൽ "സർവകലാശാലയിലെ" എന്നതിന് പകരം "സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

588-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

591, 592, 596 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

607, 608, 613, 614, 615, 618 എന്നീ നമ്പർ ഭേദഗതികൾ

അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

623, 624, 626, 629, 631, 633, 636, 640, 641, 643 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

636. ഖണ്ഡം 7(3) -ൽ "വീണ്ടും" എന്നതിന് മുൻപ് "ഒരു തവണ കൂടി" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

8-ാം ഖണ്ഡത്തിലെ (5)-ാം ഉപഖണ്ഡത്തിൽ "പ്രസിഡന്റിന്റെ സ്ഥാനം ഒഴിവുള്ളപ്പോഴോ അല്ലെങ്കിൽ പ്രസിഡന്റിന് ചുമതല

നിർവ്വഹിക്കാനാകാത്തപ്പഴോ ആ ഉദ്യോഗത്തിൽ ഒരു ഒഴിവുണ്ടെങ്കിൽ, രജിസ്ട്രാർ, കൗൺസിൽ അംഗങ്ങൾക്ക് ഏഴ് പൂർണ്ണ ദിവസത്തിൽ കുറയാതെ നോട്ടീസ് കൊടുത്തശേഷം, പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പിനായി ഒരു യോഗം വിളിച്ചുകൂട്ടേണ്ടതും," എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം താഴെപ്പറയുന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

" പ്രസിഡന്റിന്റെ സ്ഥാനം ഒഴിവുള്ളപ്പോഴോ, അല്ലെങ്കിൽ പ്രസിഡന്റിന് ചുമതല നിർവ്വഹിക്കാനാകാത്തപ്പോഴോ അതേസമയത്ത് തന്നെ, വൈസ്-പ്രസിഡന്റിന്റെ സ്ഥാനം ഒഴിവുള്ളപ്പോഴോ അല്ലെങ്കിൽ വൈസ്- പ്രസിഡന്റിന് ചുമതല നിർവ്വഹിക്കാനാകാത്തപ്പോഴോ ആ ഉദ്യോഗത്തിൽ ഒഴിവുണ്ടെങ്കിൽ, രജിസ്ട്രാർ, കൗൺസിൽ അംഗങ്ങൾക്ക് ഏഴ് പൂർണ്ണ ദിവസത്തിൽ കുറയാതെ നോട്ടീസ് കൊടുത്തശേഷം, പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പിനായി ഒരു യോഗം വിളിച്ചുകൂട്ടേണ്ടതാണ്."

645, 649, 651, 653, 654, 661, 668, 672, 673, 677, 678, 679, 680, 681, 685, 686, 687, 689, 690 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

675. ഖണ്ഡം 8(5)-ൽ "മുക്തരാകുന്നതുവരെയോ" എന്നതിന് പകരം

"മുക്തനാകുന്നതുവരെയോ" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

679. ഖണ്ഡം 8(5)-ൽ "ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ പ്രിൻസിപ്പലും കൺട്രോളിംഗ് ഓഫീസറും" എന്നതിന് പകരം "ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസ പ്രിൻസിപ്പൽ

ആൻഡ് കൺട്രോളിംഗ് ഓഫീസർ എന്നിവർ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒമ്പതാം വകുപ്പ്

693, 694, 695, 696, 697, 699, 700, 702, 707, 708 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

713, 714 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

715. ഖണ്ഡം 10-ൽ "നിയമനങ്ങളും" എന്നതിന് ശേഷം "സർക്കാർ ഔദ്യോഗിക " എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു:

ഖണ്ഡം 11-ൽ (സി) ഇനത്തിൽ "അയാളെ" എന്ന വാക്കിനുപകരം "അയാൾ " എന്ന വാക്ക് ചേർക്കുക.
ഖണ്ഡം 11-ൽ (എഫ്) ഇനത്തിൽ "നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള" എന്ന വാക്കുകൾക്കുപകരം "നാമനിർദ്ദേശം ചെയ്യപ്പെട്ടെങ്കിലും " എന്ന വാക്കുകൾ ചേർക്കുക.
ഖണ്ഡം 11-ൽ (ജി) ഇനത്തിൽ "സംസ്ഥാനത്തെ പ്രൈവറ്റ്/എയ്ഡഡ്/സ്വാശ്രയ മെഡിക്കൽ കോളേജ്, പ്രൈവറ്റ്/എയ്ഡഡ്/സ്വാശ്രയ ഹോമിയോപ്പതിക്ക് മെഡിക്കൽ കോളേജ് അല്ലെങ്കിൽ പ്രൈവറ്റ് ആയുർവ്വേദ മെഡിക്കൽ

കോളേജിലെ പ്രിൻസിപ്പൽ അല്ലാതായിത്തീരുന്നെങ്കിൽ" എന്നീ വാക്കുകൾക്കുപകരം "സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജ് അല്ലെങ്കിൽ ആയുർവ്വേദ/സിദ്ധ/യുനാനി എന്നീ വിഭാഗങ്ങളിലെ, സ്വകാര്യ/എയ്ഡഡ്/ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെയോ യോഗയും പ്രകൃതിചികിത്സയും സ്ഥാപനങ്ങളിലെയോ, സ്വകാര്യ/എയ്ഡഡ്/സ്വാശ്രയ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽ അല്ലാതായിത്തീരുന്നെങ്കിൽ, " എന്നീ വാക്കുകൾ ചേർക്കുക.

717, 718, 720, 721, 722, 723, 726, 727, 728, 729, 730, 731, 732, 733, 734, 735, 736, 737, 738, 739, 740, 741, 742, 743, 744, 745, 746, 747 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ അംഗീകരിച്ചു.

717. ഖണ്ഡം 11 (ബി)-ൽ "ബുദ്ധിസ്ഥിരതയില്ലാത്തതായിരിക്കുകയും" എന്നതിനുപകരം "ബുദ്ധിസ്ഥിരതയില്ലാത്തയാളായിരിക്കുകയും" എന്ന് ചേർക്കുക.

728. ഖണ്ഡം 11(ഇ)-ൽ "അതാത്" എന്നതിന് പകരം "അതത്" എന്ന് ചേർക്കുക.

730. ഖണ്ഡം 11(ഇ)-ൽ "ഹോമിയോപ്പതിക്ക്" എന്നതിന് പകരം "ഹോമിയാപ്പതിക്" എന്ന് ചേർക്കുക.

735. ഖണ്ഡം 11(എഫ്)-ൽ "ഹോമിയോപ്പതിക്ക്" എന്നതിന് പകരം "ഹോമിയോപ്പതിക്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പന്ത്രണ്ടാം വകുപ്പ്

748, 751 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിമൂന്നാം വകുപ്പ്</u>

752, 754, 755, 761, 762, 764, 766 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാലാം വകുപ്പ്</u>

767, 768, 772, 775, 777 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

767. ഖണ്ഡം 14(1)-ൽ "അദ്ധ്യക്ഷം" എന്നതിന് പകരം "അദ്ധ്യക്ഷത " എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനഞ്ചാം വകുപ്പ്</u>

779, 780, 782, 783, 784, 786, 787, 792 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാറാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു:

ഖണ്ഡം 16-ൽ (4)-ാം ഉപഖണ്ഡത്തിൽ "യോഗത്തിലെ ചോദ്യങ്ങൾക്ക്" എന്നീ വാക്കുകൾക്ക് പകരം "യോഗത്തിൽ വോട്ടെടുപ്പിലൂടെ തീരുമാനമെടുക്കേണ്ട സംഗതികളിൽ " എന്നീ വാക്കുകൾ ചേർക്കുക.

793, 794, 796, 797, 798, 803, 806, 808, 811, 814, 824, 825, 826, 829, 831, 832, 834, 836, 837, 839, 844, 845 എന്നീ നമ്പർ

ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

831. ഖണ്ഡം 16(4)-ൽ "ഉണ്ടാക്കുന്നതുമാണ്" എന്നതിന് പകരം

"ഉണ്ടായതായി കരുതപ്പെടുന്നതുമാണ്" എന്ന്

ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനേഴാം വകുപ്പ്</u>

846, 851, 852 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനെട്ടാം വകുപ്പ്</u>

853, 856, 857, 860 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

855. ഖണ്ഡം 18-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്തൊമ്പതാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു:

ഖണ്ഡം 19-ൽ (2)-ാം ഉപഖണ്ഡത്തിൽ "അഡീഷണൽ നിയമ സെക്രട്ടറി" എന്ന വാക്കുകൾക്ക് പകരം "അഡീഷണൽ സെക്രട്ടറി"

എന്ന വാക്കുകൾ ചേർക്കുക.

861, 863, 871, 875, 877, 880, 884, 885 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

865. ഖണ്ഡം 19 (1)-ൽ "ആയിരിക്കുന്നതാണ്" എന്നതിന് പകരം "ആയിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപതാം വകുപ്പ്</u>

886, 887, 889, 890, 892, 896, 897, 899, 903, 904, 909, 911 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

899. ഖണ്ഡം 20(3)-ൽ "റ്റിബ്വി" എന്നതിന് പകരം "ടിബ്വി" എന്ന് ചേർക്കുക.

911. ഖണ്ഡം 20 (5) - ൽ " വകുപ്പ്പ്രകാരം" എന്നതിനു പകരം "വകുപ്പ് പ്രകാരം" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊന്നാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു:

ഖണ്ഡം 21-ൽ (2)-ാം ഉപഖണ്ഡത്തിൽ "ജീവനക്കാർക്കും" എന്ന വാക്കിനുശേഷം "ബാധകമായ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 21-ൽ (4)-ാം ഉപഖണ്ഡത്തിൽ "(1)-ഉം (2)-ഉം ഉപവകുപ്പുകൾ" എന്നതിനുപകരം "(1)-ാം ഉപവകുപ്പ്" എന്നത് ചേർക്കുക.

912, 914, 920, 922, 923, 925, 927, 929, 930, 933, 935, 936, 941, 943, 944, 945 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

914. ഖണ്ഡം 21(1)-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

920. ഖണ്ഡം 21(1)-ൽ " നിർണ്ണയിക്കപ്പെടാവുന്ന " എന്നതിന് പകരം "നിർണ്ണയിക്കപ്പെട്ട" എന്ന് ചേർക്കുക.

944. ഖണ്ഡം 21(3)-ൽ "ശിക്ഷിക്കുന്നതിനോ" എന്നതിന് ശേഷം വരുന്ന " , " ചിഹ്നം ഒഴിവാക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിരണ്ടാം വകുപ്പ്</u>

947, 949, 951, 954, 956, 957, 959, 960, 962 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

957. ഖണ്ഡം 22(2)-ൽ "എഴുപത്തിയഞ്ച് ശതമാനത്തിൽ"

എന്നതിന് പകരം "നാലിൽ മൂന്നിൽ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിമൂന്നാം വകുപ്പ്</u>

963, 964, 966, 968, 971, 973, 977, 978, 980, 982, 983, 985, 986, 987, 989 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

971. ഖണ്ഡം 23(1)-ൽ "സർക്കാർ കാണുന്നപക്ഷം" എന്നതിന് പകരം "സർക്കാരിന് ബോദ്ധ്യപ്പെടുന്നപക്ഷം" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിനാലാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു:

> ഖണ്ഡം 24-ൽ (1)-ാം ഉപഖണ്ഡത്തിൽ "മുറപ്രകാരമുള്ള" എന്ന വാക്കിനുപകരം "റഗുലർ സമ്പ്രദായത്തിലുള്ള" എന്നീ വാക്കുകൾ ചേർക്കുക.

996, 997, 999, 1001, 1006, 1010, 1015 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

993. ഖണ്ഡം 24(1)-ൽ "അംഗീകൃത സ്ഥാപനത്തിൽ നിന്ന്"

എന്നതിന് ശേഷം "വൈദ്യശാസ്ത്ര" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയഞ്ചാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു:

ഖണ്ഡം 25-ൽ (3)-ാം ഉപഖണ്ഡത്തിൽ "ഏതെങ്കിലും അധികമായുള്ള" എന്നീ വാക്കുകൾക്ക് പകരം "അധികമായി നേടിയിട്ടുള്ള ഏതെങ്കിലും" എന്നീ വാക്കുകൾ ചേർക്കുക.
ഖണ്ഡം 25-ൽ (3)-ാം ഉപഖണ്ഡത്തിൽ "നിർണ്ണയിക്കുന്ന" എന്ന വാക്കിനുപകരം "നിശ്ചയിക്കുന്ന" എന്ന വാക്ക് ചേർക്കുക.
ഖണ്ഡം 25-ൽ (7)-ാം ഉപഖണ്ഡത്തിൽ "അതത് സംഗതിപോലെ, പ്രാഥമിക അല്ലെങ്കിൽ അധിക അംഗീകൃത യോഗ്യതയ്ക്കായി പേര് രജിസ്റ്റർ ചെയ്തിട്ടുള്ള" എന്നീ വാക്കുകൾക്ക് പകരം "അതത്

സംഗതിപോലെ, പ്രാഥമിക അല്ലെങ്കിൽ അധിക അംഗീകൃത യോഗ്യതയുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള" എന്നീ വാക്കുകൾ ചേർക്കുക.

1019, 1021, 1022, 1026, 1028, 1030, 1033, 1037, 1038, 1040, 1041, 1042, 1046, 1051, 1052, 1056, 1057, 1058, 1062, 1063, 1064, 1068, 1069, 1071, 1077, 1081, 1082, 1086 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1044. ഖണ്ഡം 25(5)-ൽ "ഉചിതമായ" എന്നതിന് പകരം "ബന്ധപ്പെട്ട" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

1022. ഖണ്ഡം 25(2) -ൽ "ഒരു" എന്നത് ഒഴിവാക്കുക.

1026. ഖണ്ഡം 25(2) -ൽ "ഫോറത്തിലും" എന്നതിന് പകരം "ഫാറത്തിലും" എന്ന് ചേർക്കുക.

1033. ഖണ്ഡം 25(3)-ൽ "കാലാകാലങ്ങളായി" എന്നതിന് പകരം "കാലാകാലങ്ങളിൽ" എന്ന് ചേർക്കുക.

1051. ഖണ്ഡം 25(6)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിന്

പകരം "നിർണ്ണയിക്കപ്പെട്ട" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയാറാം വകുപ്പ്</u>

1089, 1090, 1096, 1097, 1099, 1103, 1104, 1106 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1100. ഖണ്ഡം 26(2)ന്റെ ക്ലിപ്തനിബന്ധനയിൽ "എന്തെങ്കിലും" എന്നതിന് പകരം "ഏതെങ്കിലും" എന്ന് ചേർക്കുക.

1105. ഖണ്ഡം 26(2)ന്റെ ക്ലിപ്തനിബന്ധനയിൽ "ചേർക്കുന്നതിന്

അയാൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല" എന്നതിന് പകരം "ചേർക്കപ്പെടുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയേഴാം വകുപ്പ്</u>

1108, 1113, 1114, 1122 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1108. ഖണ്ഡം 27(1)-ൽ "മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റ് " എന്നതിന് ശേഷം "(1953 ലെ IX-ാം ആക്റ്റ്)" എന്ന ചിഹ്നങ്ങളും അക്കങ്ങളും വാക്കുകളും ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയെട്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

(1)-ാം ഉപഖണ്ഡത്തിന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "ഗുരുതരസ്വഭാവമുള്ള മെഡിക്കൽ നൈതികത ലംഘിക്കൽ" എന്നീ വാക്കുകൾക്കുപകരം " മെഡിക്കൽ നൈതികതയുടെ ഗുരുതരലംഘനം" എന്നീ വാക്കുകൾ ചേർക്കണം.

1125, 1132, 1133, 1134, 1137, 1138, 1139, 1140, 1143, 1146, 1152, 1154, 1155, 1156, 1160, 1162, 1163 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടുകൂടി ഔദ്യോഗികമായി അവതരിപ്പിച്ചു.

1126. ഖണ്ഡം 28(1)-ൽ "രേഖാമൂലമുള്ള ഒരു വിശദീകരണം" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി

അവതരിപ്പിച്ചു.

1141. ഖണ്ഡം 28(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ
"പറയുവാനുള്ളത് പറയുവാൻ ഒരവസരം അയാൾക്ക്
നൽകിയതിനുശേഷം മാത്രമേ രജിസ്റ്ററിൽ നിന്ന് പൂർണ്ണമായോ
അല്ലെങ്കിൽ ഒരു നിർദ്ദിഷ്ട കാലയളവിലേയ്ക്കോ
നീക്കംചെയ്യാൻ പാടുള്ളൂ എന്നിരുന്നാലും," എന്നീ വാക്കുകളും
ചിഹ്നങ്ങളും ഒഴിവാക്കുക.

1148. ഖണ്ഡം 28(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ
"എഥിക്സ്" എന്നതിന് പകരം "എത്തിക്സ്" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1143. ഖണ്ഡം 28(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ

"/അവളെ" എന്ന ചിഹ്നവും വാക്കും ഒഴിവാക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയൊൻപതാം വകുപ്പ്

1167, 1169, 1171, 1172, 1175, 1176, 1178, 1181, 1183, 1184, 1185 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1175. ഖണ്ഡം 29(1)- ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ
" ഉദ്ദേശത്തോടെയാണ്" എന്നതിന് പകരം
"ഉദ്ദേശ്യത്തോടെയാണ് " എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പതാം വകുപ്പ്

1186, 1190, 1191, 1193, 1194 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1192. ഖണ്ഡം 30(3) -ൽ "അല്ലാ" എന്നതിന് പകരം "അല്ല" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയൊന്നാം വകുപ്പ്</u>

1196, 1197, 1200, 1202, 1204, 1205 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിരണ്ടാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

32-ാം ഖണ്ഡത്തിലെ (iii)-ാം ഇനത്തിൽ "അധ്യാപകനായോ, അദ്ധ്യാപനം അല്ലെങ്കിൽ മറ്റ്" എന്നീ വാക്കുകൾ ഒഴിവാക്കേണ്ടതാണ്.

1210, 1216, 1217, 1219, 1220, 1221, 1223, 1226, 1228, 1231, 1232, 1234, 1238, 1242, 1244 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1214. ഖണ്ഡം 32(1)(i)-ൽ "വാക്കുകൾക്കോ" എന്നതിന് പകരം "വാക്കുകളോ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിമൂന്നാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

(4)-ാം ഉപഖണ്ഡത്തിൽ "തുടർനടപടികൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവ പരിഗണിക്കുന്നതിനായി " എന്ന വാക്കുകൾ ഒഴിവാക്കുക.

1245, 1247, 1251, 1255, 1258, 1259, 1262 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1249. ഖണ്ഡം 33(1)-ൽ "തീരുമാനം" എന്നതിന് പകരം

"അറിയിപ്പ്" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1245. ഖണ്ഡം 33(1)-ൽ "രജിസ്ട്രാരുടെ" എന്നതിന് പകരം

"രജിസ്ട്രാറുടെ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിനാലാം വകുപ്പ്

1263, 1265 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയഞ്ചാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയാറാം വകുപ്പ്</u>

1278-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയേഴാം വകുപ്പ്</u>

1283, 1287, 1290, 1291, 1299, 1300, 1304, 1305, 1310, 1312, 1316, 1317, 1318 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയെട്ടാം വകുപ്പ്</u>

1320-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയൊൻപതാം വകുപ്പ്

1324, 1327 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാൽപ്പതാം വകുപ്പ്

1331, 1332, 1336, 1337, 1340, 1341 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിയൊന്നാം വകുപ്പ്</u>

1343, 1346, 1347, 1348 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിരണ്ടാം വകുപ്പ്</u>

1349-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിമൂന്നാം വകുപ്പ്</u>

1356, 1357, 1358 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

നാൽപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിനാലാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

നാൽപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിയഞ്ചാം വകുപ്പ്</u>

(ഭേദഗതിയില്ല)

നാൽപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിയാറാം വകുപ്പ്</u>

1363, 1367, 1369, 1370 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

നാൽപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിയേഴാം വകുപ്പ്</u>

1377, 1378 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1376. ഖണ്ഡം 47(1) (ഡി) ഒഴിവാക്കുക

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിയെട്ടാം വകുപ്പ്</u>

1380, 1382, 1386, 1390 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

നാൽപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പട്ടിക

1398, 1399 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

109, 110, 112, 113, 114, 115, 116, 118, 119, 120, 125, 127, 131, 133, 137, 142, 144, 145, 146, 147, 148, 149, 151, 152, 153, 154, 156, 157, 159, 161, 165, 167, 173, 174, 178, 179, 183, 184, 189, 190, 193, 194, 195, 197, 201, 206 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

137. ദീർഘശീർഷകത്തിൽ "ആനുഷംഗികമായതോ" എന്നതിന് മുൻപ് "അതിന്" എന്ന് ചേർക്കുക.

174. പീഠികയിൽ "ആനുഷംഗികമായതോ" എന്നതിന് മുൻപ്

"അതിന്"എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

## (ii) 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

### രണ്ടാം വകുപ്പ്

171, 173, 180, 187, 190 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടുകൂടി സ്വീകരിച്ചു.

171. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 18-ൽ "ആക്റ്റ്(2018-ലെ 2)" എന്നതിന് പകരം "(2018-ലെ 2-ാം ആക്റ്റ്)" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

### മൂന്നാം വകുപ്പ്

207, 209, 210, 215, 216, 218, 223, 224, 225, 231 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

109, 110, 116, 124, 130, 139, 140, 141, 144, 145, 147, 149, 150, 151, 155, 167, 169 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

123. പീഠികയിൽ "ആക്റ്റ്" എന്നതിന് ശേഷം "(2018-ലെ 2-ാം ആക്റ്റ്)" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

144. ഖണ്ഡം1(1)-ൽ "ആക്റ്റിനു" എന്നതിന് പകരം "ആക്റ്റിന് " എന്ന് ചേർക്കുക.

150. ഖണ്ഡം1(2)-ൽ "9-ന്" എന്നതിന് പകരം "9-ാം തീയതി" എന്നീ അക്കവും ചിഹ്നവും വാക്കുകളും ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

## (iii) സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂട്ടുതൽ ചുമതലകൾ) ബിൽ

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള

സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): വഖഫ് ഭൂമി സംബന്ധിച്ച് സർവ്വേ നടത്തുക, അന്യാധീനപ്പെട്ട് കിടക്കുന്ന സ്വത്തുക്കൾ കണ്ടെത്തി മുതൽക്കൂട്ടുക, വഖഫ് സ്ഥാപനങ്ങളെ ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്യിക്കുന്നതിന് മേഖലാടിസ്ഥാനത്തിൽ വഖഫ് അദാലത്തുകൾ നടത്തുക എന്നീ പ്രവർത്തനങ്ങൾ സംസ്ഥാന വഖഫ് ബോർഡ് ചെയ്തുവരുന്നു. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, ചികിത്സ/വിവാഹം/പെൻഷൻ ധനസഹായത്തിനായി സർക്കാർ സ്പെഷ്യൽ ഗ്രാന്റും ജീവനക്കാരുടെ ശമ്പളത്തിനും മറ്റാനുകൂല്യങ്ങൾക്കുമായി അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റും നൽകിവരുന്നു. വഖഫ് ബോർഡ് റിക്രൂട്ട് ചെയ്തിരുന്ന ജീവനക്കാരെ പി.എസ്.സി. മുഖാന്തരം റിക്രൂട്ട് ചെയ്യുക, നിലവിലുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് സ്പെഷ്യൽ റൂളുകൾ നിർമ്മിക്കുക, ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക എന്നിവയാണ് ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മഹല്ല് കമ്മിറ്റി പ്രതിനിധികളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവരും വിവിധ മണ്ഡലങ്ങളിൽനിന്ന് സർക്കാർ നോമിനേറ്റ് ചെയ്യുന്നവരുമാണ് വഖഫ് ബോർഡിലെ അംഗങ്ങൾ. സെൻട്രൽ വഖഫ് ആക്ട് 1995 അനുസരിച്ച് റെഗുലേഷനുകൾ രൂപീകരിക്കുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള അവകാശം സംസ്ഥാന വഖഫ് ബോർഡിനാണ്; റൂൾസുണ്ടാക്കാനുള്ള അധികാരം മാത്രമാണ് സംസ്ഥാന സർക്കാരുകൾക്കുള്ളത്. ബോർഡിന്റെ അധികാരം ഇല്ലാതാക്കുന്ന ഈ ബിൽ നിയമവിരുദ്ധമാണ്. വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനുള്ള തീരുമാനവും വർഷങ്ങളായി വഖഫ് ബോർഡിൽ ജോലി ചെയ്തുവരുന്നവരുടെ തൊഴിൽ സുരക്ഷിതത്വം സംബന്ധിച്ച് ബില്ലിൽ പ്രതിപാദിക്കാത്തതും അനീതിയാണ്. ബിൽ ന്യൂനപക്ഷവിരുദ്ധവും ജനവിരുദ്ധവും ഭരണഘടനാവിരുദ്ധവുമാണ്. വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുവാൻ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് കോടതിയിൽ ചോദ്യം ചെയ്യപ്പെടാനും ബോർഡിലെ ലഭ്യമായ തൊഴിലവസരം കൂടി നഷ്ടപ്പെടുത്തുന്നതിനും കാരണമാകും.

ശ്രീ. ഇ. കെ. വിജയൻ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. പി. ബാലചന്ദ്രൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിലൂടെ ബോർഡിനെ സംരക്ഷിക്കാനും സ്ഥിരനിയമനത്തിലൂടെ കൃത്യത കൈവരിക്കാനും സാധിക്കും. വഖഫ് സ്വത്തുക്കൾ സംരക്ഷിക്കുന്നത് ബോർഡിന്റെ ചുമതലയാണ്. വഖഫ് ബോർഡിന്റെ പ്രവർത്തനം കുറ്റമറ്റരീതിയിൽ നിയന്ത്രിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സർക്കാരിന്റെ ഉദ്യോഗസ്ഥ സംവിധാനത്തെ നിയന്ത്രിക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്നത് വഖഫ് ബോർഡിന് കിട്ടുന്ന അംഗീകാരമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് ചുമതലപ്പെടുത്തിയതുപ്രകാരം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ

ച്ചുമതലകൾ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്ന തീരുമാനത്തിൽനിന്നും പിന്മാറണം. പി.എസ്.സി. വഴി മുസ്ലീം സമുദായത്തിലുള്ളവരെ മാത്രം വഖഫ് ബോർഡിൽ നിയമിക്കുന്നതിലൂടെ മറ്റ് തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ മുസ്ലീങ്ങൾക്ക് അർഹതപ്പെട്ട സംവരണം നഷ്ടമാകും. ന്യൂനപക്ഷ മുസ്ലീം വിഭാഗത്തിന്റെ അവകാശങ്ങൾ കവർന്നെടുക്കുന്ന നിയമനിർമ്മാണമാണിത്. വഖഫ് ബോർഡിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടിയുണ്ടാകണം. വഖഫ് കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് കൊല്ലം, എറണാകുളം ജില്ലകളിലെ ട്രിബ്യൂണലുകൾ നിർത്തലാക്കിയ നടപടി പുനഃപരിശോധിക്കണം.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്ന സാഹചര്യത്തിൽ ബോർഡിൽ നിയമിതരായിട്ടുള്ളവരെ നിലനിർത്തുന്നതിന് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ട്. പി.എസ്.സി. നിയമനം നടത്തുന്ന മുറയ്ക്ക് താൽക്കാലിക ജീവനക്കാരെ ഒഴിവാക്കുന്നതിനാൽ ബോർഡിന്റെ പ്രവർത്തനത്തെ ബാധിക്കുകയില്ല.

വഖഫ് ബോർഡ് തീരുമാനപ്രകാരം നടത്തുന്ന നിയമനിർമ്മാണം ഭരണഘടനാ വിരുദ്ധമല്ല. വഖഫ് ബോർഡ് നൽകുന്ന ആനുകൂല്യങ്ങളുടെ കുടിശ്ശിക തീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

185, 186, 187, 188, 189, 190 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

196, 197, 201, 203, 208, 211, 212, 214, 216, 217, 218, 228, 229, 231, 236, 239, 241, 242, 243, 244, 245, 250, 254, 258, 261, 262, 263, 264, 269, 273, 274, 275, 276, 280, 282, 288, 289, 290, 296, 297, 298, 300, 303 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

196. ഖണ്ഡം 3(1)-ൽ "ബോർഡിലെ" എന്നതിന് പകരം "ബോർഡിന്റെ കീഴിലുള്ള" എന്ന് ചേർക്കുക.

229. ഖണ്ഡം 3(2)(എ)-ൽ "ബോർഡിനുകീഴിലുള്ള" എന്നതിന് പകരം ബോർഡിന്റെ കീഴിലുള്ള" എന്ന് ചേർക്കുക.

297. ഖണ്ഡം 3(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "തീരുമാനം എടുക്കുന്നതിന് മുമ്പ് ആ സംഗതി" എന്നതിന് പകരം " തീരുമാനം എടുക്കുന്നതിന് മുമ്പ് ആ കാര്യം" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

304, 308, 309, 310, 311, 312, 314, 315, 316, 317, 318, 323, 324, 328, 329, 330, 331, 332, 333, 334, 335, 336, 337, 338, 339 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

311. ഖണ്ഡം 4(1)-ൽ "കൂടിയാലോചിച്ച്," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "ഗസറ്റ് വിജ്ഞാപനം വഴി," എന്ന വാക്കും ചിഹ്നവും ചേർക്കുക.

329. ഖണ്ഡം 4(3)-ൽ "ആക്റ്റിൻകീഴിലുണ്ടാക്കിയ" എന്നതിന് പകരം "ആക്റ്റിൻ കീഴിലുണ്ടാക്കിയ" എന്ന് ചേർക്കുക.

332. ഖണ്ഡം 4(3)-ൽ "ദിവസകാലത്തേക്ക്" എന്നതിന് പകരം "ദിവസക്കാലത്തേയ്ക്ക്" എന്ന് ചേർക്കുക.

334. ഖണ്ഡം 4(3)-ൽ "അവസാനിക്കുന്നതിനു മുമ്പ്" എന്നതിന് പകരം "അവസാനിക്കുന്നതിന് മുൻപ്" എന്ന് ചേർക്കുക.

336. ഖണ്ഡം 4(3)-ൽ "ചെയ്യുന്നതും ആകുന്നു" എന്നതിന് പകരം "ചെയ്യുന്നതുമാകുന്നു" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അഞ്ചാം വകുപ്പ്

340, 345 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

109, 115, 120, 121, 122, 125, 133, 134, 139, 140, 145, 147, 153, 154, 160, 162, 163, 171, 178 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ജനാധിപത്യപരവും ഭരണഘടനാനുസൃതമായും നടത്തുന്ന നിയമനമുൾപ്പെടെയുള്ള കാര്യങ്ങളിൽ സർക്കാർ ഇടപെടുന്നതിനാൽ ബില്ലിനെ എതിർക്കുന്നു.

2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ശബ്ദവോട്ടോടെ പാസ്സാക്കി.

(സഭ വൈകുന്നേരം 5.16-ന് പിരിഞ്ഞു)

*****